"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിതാ ശിശുവികസന വകുപ്പ് - കേരള വനിതാ കമ്മീഷൻ - ജീവനക്കാര്യം - ശ്രീമതി. മായാദേവി എം. ജെ, ഓഫീസ് അറ്റൻഡന്റിന്റെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ചു നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനിതാ ശിശുവികസന (ബി) വകുപ്പ്

G.O.(Rt)No.289/2026/WCDD തീയതി,തിരുവനന്തപുരം, 19-08-2026

---

പരാമർശം:-

1. സ.ഉ.(സാധാ) നം. 420/2022/WCDD, തീയതി 15-09-2022.
2. സ.ഉ.(സാധാ) നം. 486/2023/WCDD, തീയതി 26-08-2023.
3. സ.ഉ.(സാധാ) നം. 398/2024/WCDD, തീയതി 10-10-2024.
4. സ.ഉ.(സാധാ) നം. 412/2025/WCDD, തീയതി 29-09-2025.
5. കേരള വനിതാ കമ്മീഷൻ മെമ്പർ സെക്രട്ടറിയുടെ കത്ത് നം. A3/1821/2022/കേവക, തീയതി 23/06/2026.

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ വടകര താലൂക്ക് ഓഫീസിൽ ചെയിൻമാൻ തസ്തികയിൽ ജോലി ചെയ്തു വരവെ ശ്രീമതി. മായാദേവി എം. ജെ -യെ പരാമർശം (1) പ്രകാരം കേരള വനിതാ കമ്മീഷനിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കുകയുണ്ടായി. തുടർന്ന്, പരാമർശം (2), (3), (4) എന്നിവ പ്രകാരം ടിയാളുടെ അന്യത്രസേവന കാലാവധി ഓരോ വർഷം വീതം ദീർഘിപ്പിച്ചു നൽകിയിരുന്നു. തന്റെ അന്യത്രസേവന കാലാവധി 19/09/2026-ന് അവസാനിക്കുന്നതിനാൽ ആയത് ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ചു നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീമതി. മായാദേവി എം. ജെ സമർപ്പിച്ച അപേക്ഷ, ടിയാളുടെ മാതൃവകുപ്പിൽ നിന്നുള്ള നിരാക്ഷേപപത്രം സഹിതം ശിപാർശ ചെയ്തുകൊണ്ട്, കേരള വനിതാ കമ്മീഷൻ മെമ്പർ സെക്രട്ടറി പരാമർശം (5) പ്രകാരം സർക്കാരിന്റെ അനുമതിയ്ക്കായി ലഭ്യമാക്കിയിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, അന്യത്രേസവന വ്യവസ്ഥയുടെ പതിവ് നിബന്ധനകൾക്കും ഉപാധികൾക്കും വിധേയമായി കേരള വനിതാ

കമ്മീഷനിലെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലുള്ള ശ്രീമതി. മായാദേവി എം. ജെ -യുടെ അന്യത്രസേവന കാലാവധി 20/09/2026 മുതൽ ഒരു വർഷത്തേക്കുകൂടി (തുടർച്ചയായ അഞ്ചാം വർഷം) ദീർഘിപ്പിച്ച് നൽകിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ M S
UNDER SECRETARY

മെമ്പർ സെക്രട്ടറി, കേരള വനിതാ കമ്മീഷൻ, തിരുവനന്തപുരം.

ജില്ലാ കളക്ടർ, കോഴിക്കോട് (15-06-2026 ലെ DCKKD/10322/2025-A4 നമ്പർ കത്ത് പ്രകാരം)

(ഇ-മെയിൽ - dckkd.rev@kerala.gov.in)

ശ്രീമതി. മായാദേവി എം. ജെ, ഓഫീസ് അറ്റൻഡന്റ് (on deputation), കേരള വനിതാ കമ്മീഷൻ

(മെമ്പർ സെക്രട്ടറി, കേരള വനിതാ കമ്മീഷൻ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ/ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

Digitally signed by
Hena R Raj
Date: 19-08-2026
16:15:28

സെക്ഷൻ ഓഫീസർ